സ്കൂളുകളിലെ പാർട്ട്ടൈം ജീവനക്കാരെ സംബന്ധിച്ച് എൻ.ജി.ഒ. യൂണിയന്റെ നിവേദനം

32(432) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് സ്കൂളുകളിലെ പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് എൻ.ജി.ഒ. യൂണിയൻ നിവേദനം നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് എൻ.ജി.ഒ. യൂണിയൻ ഈ വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ച് നിവേദനം നൽകിയിട്ടുണ്ട് ;

(സി) ഇതിൽ ഏതെല്ലാം ആവശ്യങ്ങൾ അംഗീകരിച്ചു നടപ്പാക്കിയെന്നു വ്യക്തമാക്കുമോ ;

ഉത്തരം

(എ-സി) ഇതു സംബന്ധിച്ചു വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

വർക്കല ഉപജില്ലാ ഓഫീസ് കെട്ടിട നിർമ്മാണം

33(433) ശ്രീ. എ. അലി റാസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല ഉപജില്ലാ ഓഫീസ് കെട്ടിട നിർമ്മാണത്തിന് സർവ്വേ 2161-ൽപ്പെട്ട 24.5 സെന്റ് സ്ഥലം വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) വിദ്യാഭ്യാസ ഉപജില്ലാ ഓഫീസറുടെ നിയന്ത്രണത്തിലുള്ള ഈ സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് ഇപ്പോൾ എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഏതെങ്കിലും വ്യക്തി തടസ്സം ഉന്നയിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണം നടത്തണമെന്നുള്ള നിവേദനങ്ങളിൻ മേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഇക്കാര്യത്തിൽ റവന്യൂ ഉദ്യോഗസ്ഥരുടെ ഇടപെടൽ മൂലം തടസ്സമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) നിർദ്ദിഷ്ട സ്ഥലത്തെകെട്ടിടം നിർമ്മിക്കുന്നതിനെതിരെ സമീപവാസിയായ ഡോക്ടർ പി. കെ. ശശിധരൻ എന്നൊരാൾ ഹൈക്കോടതിയിൽ ഒ. പി. 13460/99 നമ്പർ ഹർജി ഫയൽ ചെയ്യുകയുണ്ടായി. ഹർജി കോടതി തീർപ്പാക്കിയപ്പോൾ ഹർജിക്കാരന്റെ ആവശ്യം പരിശോധിച്ച് തീർപ്പാക്കാൻ സർക്കാരിന് നിർദ്ദേശം നൽകിയതോടൊപ്പം പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിൽ നിരോധനം ഏർപ്പെടുത്തികൊണ്ടും ഉത്തരവായി. ഇതിനിടെ പ്രസ്തുത ഭൂമിയിൽ റെയിൽ അധികൃതർ അവകാശം ഉന്നയിച്ചതിനാൽ റവന്യൂ വകുപ്പും റെയിൽവെ വകുപ്പും ചേർന്ന് ഒരു ജോയിന്റ് സർവേ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ഥലം റയിൽവേയുടേതാണെന്ന് കണ്ടെത്തിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ജോയിന്റ് സർവേയിലെ നിഗമനങ്ങളിൽ അപാകതയുണ്ടോ എന്ന കാര്യത്തിൽ കൂടുതൽ പരിശോധന നടന്നുവരുന്നു.

(ഇ) ഇല്ല.

(എഫ്) ഹൈക്കോടതി ഉത്തരവനുസരിച്ച് ഡോക്ടർ ശശിധരന്റെ പരാതിയിൻമേൽ അന്തിമതീരുമാനം കൈക്കൊള്ളുന്നതുവരെയും പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണം ആരംഭിക്കുന്നത് ഉചിതമല്ല.

വിദ്യാഭ്യാസവകുപ്പിലെ പാർട്ട്ടൈം ജീവനക്കാർ

34(434) ശ്രീ. പി. പി. തങ്കച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസവകുപ്പിൽ എത്ര വർഷം സർവീസുള്ള പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർക്കാണ് ഫുൾടൈം പോസ്റ്റിലേക്ക് പ്രമോഷൻ നൽകുകയോ ഫുൾടൈം പോസ്റ്റിന്റെ ആനുകൂല്യങ്ങൾ നൽകുകയോ ചെയ്യുന്നത് ;

(ബി) വിദ്യാഭ്യാസവകുപ്പിലെ പാർട്ട്ടൈം അദ്ധ്യാപകർക്ക് എത്ര വർഷത്തെ സർവ്വീസാകുമ്പോഴാണ് ഫുൾടൈം പോസ്റ്റിന്റെ ആനുകൂല്യങ്ങൾ നൽകുന്നത് ;

(സി) വിദ്യാഭ്യാസവകുപ്പിൽ ഒഴിവുള്ള ഫുൾടൈം തസ്തികകളിലേയ്ക്ക് പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർക്ക് പ്രമോഷൻനൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്യൂൺ ഇല്ലാത്ത സ്കൂളുകളിൽ പാർട്ട്ടൈം കണ്ടിജൻറ് ജീവനക്കാരെ പ്രോമോട്ട്ചെയ്ത് പ്യൂൺ ആയി നിയമിക്കാൻ വ്യവസ്ഥ ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly